**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **22-02-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വഴിയുള്ള വിപണിയിടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | അവശ്യവസ്തുക്കൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പൊതുവിപണിയിലെ ആവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,853.91 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി നവംബർ 30 |

| | | | |
|---|---|---|---|
| | | | മുതൽ ഡിസംബനർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | സപ്ലൈകോ വഴിയുള്ള വിപണിയിടപെടൽ വിപുലീകരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | പൊതുവിപണിയിലെ ആവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ ‘ശബരി’ ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,853.91 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി നവംബർ 30 മുതൽ ഡിസംബനർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | മൊബൈൽ മാവേലി വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | മാർക്കറ്റിടപെടൽ ഫലപ്രദമാക്കുന്നതിനും നിലവിലുള്ള വിപണന ശാലകൾ വിപുലീകരിക്കുന്നതിനും പുതുതായി മൊബൈൽ വില്പനശാലകളും ഓൺലൈൻ വിപണനവും ആരംഭിക്കുന്നതിനൊപ്പം ഉപഭോക്തൃസൗഹൃദ സമീപനവും യാഥാർത്ഥ്യമാക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് 2018 ഓഗസ്റ്റ് മാസം മുതൽ, റേഷൻ കാർഡ് ഡാറ്റാ ബേസ് അധിഷ്ഠിത വെബ് പോർട്ടൽ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്തൃ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. മുൻ സർക്കാർ അധികാരത്തിൽ വന്ന മെയ് 2016 ൽ വില്പനശാലകളുടെ ആകെ എണ്ണം 1528 ആയിരുന്നെങ്കിൽ ഇന്ന് എണ്ണം 1623 ആയി വർദ്ധിപ്പിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹാർദ്ദ സ്ഥാപനങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 2018-19, 2019-20, 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ യഥാക്രമം 86, 56, 93, 48 സപ്ലൈകോ വില്പനശാലകൾ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ ആധുനീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതും നവീകരിച്ചതുമായ 25 മാവേലി വിൽപ്പനശാലകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയതും നവീകരിച്ചതുമായ 25 മാവേലി വിൽപ്പനശാലകൾ പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിലുടനീളമുള്ള ഏകദേശം 500 ൽ അധികം വരുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കി.മീ. ചുറ്റളവിൽ ഹോം ഡെലിവറിയും നടത്തുന്നതിനായി 'Supply Kerala' ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് "സപ്ലൈ കേരള ആപ്പ്" Google Play Store-ലും Supplyco Website-ലും ലിങ്ക് ലഭ്യമാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട് ലെറ്റ് തിരഞ്ഞെടുത്ത് സപ്ലൈക്കോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ച വേഗത്തിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതാണ്. പ്രസ്തുത ആപ്ലിക്കേഷൻ വഴി ഓൺലൈൻ വില്പനയും വിതരണവും സപ്ലൈകോയുടെ തൃശ്ശൂർ കോർപറേഷൻ പരിധിയിലെ മൂന്ന് സൂപ്പർമാർക്കറ്റുകളിലാണ് ആദ്യ ഘട്ടമായി, 2021ഡിസംബർ 11 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പ്രവർത്തനം 2022 ജനുവരി 7, 11, 13, ഫെബ്രുവരി 11 തീയ്യതികളിലായി കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കൊച്ചി എന്നീ കോർപറേഷനുകളിലും ആരംഭിച്ചു. മൂന്നാം ഘട്ടം എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ ഫെബ്രുവരി 11 ഓടുകൂടി ആരംഭിച്ചു. സപ്ലൈകോ "സപ്ലൈ കേരള" ആപ്പ് മുഖേന ഇതുവരെ 48 ഓർഡറുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ മുഴുവനായും, ഈ സാമ്പത്തിക വർഷാവസാനത്തോടെ ഓൺലൈൻ വില്പനയും ഹോം ഡെലിവറി പദ്ധതി നടപ്പാക്കുന്നതാണ്. മറ്റു സർക്കാർ ഏജൻസികളുടെ (മത്സ്യഫെഡ്, ഹോർട്ടികോർപ്, ഫോറസ്റ്റ് തുടങ്ങിയ) വില്പന വസ്തുക്കൾ കൂടി "സപ്ലൈ കേരള" ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഉപഭോക്താവിന് മാവേലി വിൽപ്പനശാലകളുടെ ലൊക്കേഷൻ മനസ്സിലാക്കുന്നതിന് 'Trace Supplyco', മാവേലി വിൽപ്പനശാലയിൽ നിന്നും ഉപഭോക്താവിന് ലഭിക്കുന്ന സേവനം സംബന്ധിച്ച വിലയിരുത്തൽ നടത്തി സപ്ലൈകോ അധികൃതരെ അറിയിക്കുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ